# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/110/2018 2018 മെയ് 24

## പത്രക്കുറിപ്പ്

### എം.ജി. ബിരുദ ഏകജാലക പ്രവേശനം: ഓൺലൈൻ രജിസ്ട്രേഷൻ ഇന്ന് (മെയ് 25) മുതൽ

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ/എയ്ഡഡ്/സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ 2018-19 അദ്ധ്യയന വർഷത്തെ ഏകജാലകം വഴിയുള്ള ഒന്നാം സെമസ്റ്റർ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനായുള്ള ഓൺലൈൻ രജിസ്ട്രേഷൻ ഇന്ന് (മെയ് 25) മുതൽ ആരംഭിക്കും. ജൂൺ 3 വരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. പ്രൊവിഷണൽ റാങ്ക് ലിസ്റ്റും ട്രയൽ അലോട്മെന്റും ജൂൺ 7ന് പ്രസിദ്ധീകരിക്കും. ഒന്നാം അലോട്ട്മെന്റ് ജൂൺ 13നും രണ്ടാം അലോട്ട് മെന്റ് 22നും പ്രസിദ്ധീകരിക്കുന്നതാണ്. മാനേജ്മെന്റ്, കമ്മ്യൂണിറ്റി, സ്പോർട്സ്, കൾച്ചറൽ ക്വാട്ട, വികലാംഗ വിഭാഗത്തിന് സംവരണം ചെയ്ത സീറ്റുകൾ എന്നിവയിലേക്ക് അപേക്ഷിക്കുന്നവർ പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ തന്നെ നേരിട്ട് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ലക്ഷദ്വീപിൽ നിന്നുള്ള അപേക്ഷകർക്കായി ഓരോ കോളേജുകളിലും സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. ലക്ഷദ്വീപ് നിവാസികളായ അപേക്ഷകർ പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ തന്നെ നേരിട്ട് അപേക്ഷ സമർപ്പിക്കണം. ഓരോ കോളേജുകളിലെയും അക്കാദമിക് പ്രോഗ്രാം www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കൂടാതെ പ്രോസ്പെക്ടസിന്റെ സംക്ഷിപ്തരൂപം മലയാളത്തിലും നൽകിയിട്ടുണ്ട്. സ്പോർട്സ്/കൾച്ചറൽ/വികലാംഗ സംവരണ സീറ്റുകളിലേക്കും പ്രവേശനത്തിനായി അപേക്ഷകർക്ക് മെയ് മാസം 31 വരെ കോളേജുകളിൽ നേരിട്ട് അപേക്ഷക സമർപ്പിക്കാവുന്നതാണ്. റാങ്ക് ലിസ്റ്റ് ജൂൺ രണ്ടിന് കോളേജുകളിൽ പ്രസിദ്ധീകരിക്കുന്നതും പ്രവേശനം ജൂൺ 4നകം പൂർത്തീകരിക്കേണ്ടതുമാണ്. ഓൺലൈൻ രജിസ്ട്രേഷനുവേണ്ടി സർവ്വകലാശാലാ ഇൻഫർമേഷൻ സെന്ററുകളിലും അക്ഷയ സെന്ററുകളിലും സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കൂടാതെ അഫിലിയേറ്റഡ് കോളേജുകളിലും ഏകജാലക ഹെൽപ്പ് ഡെസ്കുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. എസ്.സി./എസ്.ടി. വിഭാഗത്തിന് 330 രൂപയും മറ്റുള്ളവർക്ക് 660 രൂപയുമാണ് രജിസ്ട്രേഷൻ ഫീസ്. ഓൺലൈൻ രജിസ്ട്രേഷനും ക്യാമ്പ് സംബന്ധമായ എല്ലാ വിശദവിവരങ്ങളും www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ്ലൈൻ നമ്പർ: 9188641784, 9188651784, 04812733369.

### അപേക്ഷാ തീയതി

അഫിലിയേറ്റഡ് കോളേജുകളിൽ നടത്തുന്ന അഞ്ചാം സെമസ്റ്റർ എൽ.എൽ.ബി. (ത്രിവത്സരം - 2015 അഡ്മിഷൻ റഗുലർ, 2009-2014 അഡ്മിഷൻ സപ്ലിമെന്ററി, 2009ന് മുമ്പുള്ള അഡ്മിഷൻ മേഴ്സി ചാൻസ്) & ഒൻപതാം സെമസ്റ്റർ (പഞ്ചവത്സരം - 2006-2010 അഡ്മിഷൻ സപ്ലിമെന്ററി, 2006ന് മുമ്പുള്ള അഡ്മിഷൻ മേഴ്സി ചാൻസ്) (കോമൺ) പരീക്ഷകൾ ജൂൺ 13ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ മെയ് 29 വരെയും, 50 രൂപ പിഴയോടെ 30 വരെയും 500 രൂപ സൂപ്പർഫൈനോടെ ജൂൺ 1 വരെയും സമർപ്പിക്കാം. റഗുലർ വിദ്യാർത്ഥികൾ 100 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 20 രൂപയും സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം. മേഴ്സി ചാൻസ് പരീക്ഷയെഴുതുന്നവർ സ്പെഷ്യൽ ഫീസായി 5000/- രൂപ സി.വി. ക്യാമ്പ് ഫീസിനും പരീക്ഷാഫീസിനും പുറമെ അടയ്ക്കണം.

### എം.ജി.യിൽ 2.3 കോടിയുടെ ഫാബ് ലാബിന് സർക്കാർ അംഗീകാരം

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ബിസിനസ് ഇൻക്യുബേഷൻ ആന്റ് ഇന്നൊവേഷൻ സെന്ററിന്റെ (ബി.ഐ.ഐ.സി.) കീഴിൽ സയൻസ് പാർക്കിന്റെ ഭാഗമായി തുടങ്ങാനുദ്ദേശിക്കുന്ന 2.3 കോടിയുടെ ഫാബ്രിക്കേഷൻ ലബോറട്ടറിക്ക് സർക്കാർ അനുമതി ലഭിച്ചു. വിദ്യാർത്ഥികൾക്ക്, സംരംഭകത്വ വികസനത്തിന് പ്രോഗ്രാഹനം നൽകുന്ന ബി.ഐ.ഐ.സി.യുടെ കീഴിൽ, ഉല്പന്നങ്ങളുടെയും യന്ത്രസാമഗ്രികളുടെയും രൂപകല്പനയ്ക്ക് അത്യാധുനിക കമ്പ്യൂട്ടർ സാങ്കേതികവിദ്യ ലഭ്യമാക്കുന്ന

പദ്ധതിയാണിത്. ഇത്തരത്തിലുള്ള ബൃഹത്തായ ഫാബ് ലാബ് ഒരു സർവ്വകലാശാലയുടെ കീഴിലുള്ള പ്രഥമ സംരഭമായിരിക്കുമെന്ന് വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അറിയിച്ചു.

3D പ്രിന്ററുകൾ, സി.എൻ.സി. മില്ലിംഗ് മെഷീനുകൾ മുതലായ കമ്പ്യൂട്ടർ നിയന്ത്രിത യന്ത്രസമുച്ചയങ്ങളുൾപ്പെടുന്ന ഫാബ്‌ലാബിൽ, വ്യവസായ സംരംഭകത്തിനായി പുതിയ മേഖലകൾ തേടുന്ന വിദ്യാർത്ഥികൾക്ക് അവരുടെ കണ്ടുപിടുത്തങ്ങളെ ഭാവനാനുസൃതമായി രൂപകല്പനചെയ്യുവാൻ വേണ്ട സാങ്കേതികവിദ്യ ലഭ്യമാകും. അമേരിക്കയിലെ എം.ഐ.ടി.യിൽ തുടക്കമിട്ട ഫാബ് ലാബ് എന്ന ഫാബ്രിക്കേഷൻ പരീക്ഷണശാല ആഗോളമായി ആയിരത്തിലധികം ലാബുകൾ ഉൾക്കൊള്ളുന്ന ഫാബ് ഫൗണ്ടേഷൻ ശൃംഖലയായി മാറി. പദ്ധതി ഫലപ്രാപ്തിയിലെത്തിക്കാനുള്ള ത്വരിത നടപടികളുടെ ഭാഗമായി എം.ഐ.ടി.യിലെ പ്രൊഫ. രാജേഷ് നായർ സർവ്വകലാശാലാ കാമ്പസ് സന്ദർശിച്ച് വൈസ് ചാൻസലർ ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. എം.ഐ.ടി.യുമായി സഹകരിച്ച് പ്രവർത്തനമാരംഭിക്കുന്ന ആഗോളനിലവാരത്തിലുള്ള ഈ ഫാബ് ലാബ് എം.ജി. സർവ്വകലാശാലയുടെ കീഴിലുള്ള ഇരുനൂറോളം അഫിലിയേറ്റഡ് കോളേജുകളിലെ വിദ്യാർത്ഥികൾക്കും ഏറെ സഹായകരമായിരിക്കുമെന്ന് വൈസ് ചാൻസലർ അറിയിച്ചു.

## എം.ജി.: ചതുർദിന ജൈവം പെയിന്റിംഗ് എക്സിബിഷന് തുടക്കമായി

മഹാത്മാഗാന്ധി സർവ്വകലാശാലാ ആഗോള ജൈവ സംഗമത്തോടനുബന്ധിച്ച് നടത്തിയ 'ജൈവം' ചിത്രകലാ ക്യാമ്പിൽ രചിച്ച 40 ജലഛായാ പെയിന്റിംഗുകളുടെ ചതുർദിന പ്രദർശനം കോട്ടയം പബ്ലിക് ലൈബ്രറി ആർട്ട് ഗാലറിയിൽ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. സി.എം.എസ്. കോളേജ് പ്രിൻസിപ്പൽ ഡോ. റോയി സാം ഡാനിയേൽ, രജിസ്ട്രാറും 'ജൈവം' ജനറൽ കൺവീനറുമായ എം.ആർ.ഉണ്ണി, പ്രോഗ്രാം കോർഡിനേറ്റർ ജി. ശ്രീകുമാർ, ആർട്ടിസ്റ്റ് പി.ആർ. ഉദയകുമാർ, തേക്കിൻകാട് ജോസഫ് തുടങ്ങിയവർ സംസാരിച്ചു. കാരയ്ക്കാമണ്ഡപം വിജയകുമാർ (തിരുവനന്തപുരം), ഡോഡ്സി ആന്റണി (തിരുവനന്തപുരം), ജി. ഉണ്ണികൃഷ്ണൻ (മാവേലിക്കര), ഷിജോ ജേക്കബ് (ചങ്ങനാശ്ശേരി), ടി.ആർ. ഉദയകുമാർ (കോട്ടയം), എം.ടി. ജയലാൽ (കോട്ടയം), ടി.എസ്. പ്രസാദ് (കോട്ടയം), ബിജു.സി. ഭരതൻ (കോട്ടയം), വി.എസ്. മധു (കോട്ടയം), പി.എം. യേശുദാസ് (കോട്ടയം), അമീൻ ഖലീൽ (ആലപ്പുഴ), നന്ദൻ പി.വി. (എറണാകുളം), സജിത്ത് പുതുക്കലവട്ടം (എറണാകുളം), സുരേന്ദ്രൻ (എറണാകുളം), ദിനേശ് പി.ജി. (തൃശ്ശൂർ), ബൈജു ദേവ് (പാലക്കാട്), അശോക് കുമാർ ഗോപാലൻ (മലപ്പുറം) ഷാജി കേശവ് (മലപ്പുറം), ജഗേഷ് എടക്കാട് (കണ്ണൂർ), ബബിത കടന്നപ്പള്ളി (കണ്ണൂർ) തുടങ്ങി കേന്ദ്ര സംസ്ഥാന അവാർഡുകൾ നേടിയവരുൾപ്പെടെ 40 ചിത്രകാരന്മാരാണ് ഈ പ്രദർശനത്തിലുള്ളത്. മെയ് 28ന് പ്രദർശനം സമാപിക്കും.

**അടിക്കുറിപ്പ്**

**മഹാത്മാഗാന്ധി സർവ്വകലാശാലാ ആഗോള ജൈവ സംഗമത്തോടനുബന്ധിച്ച് നടത്തിയ 'ജൈവം' ചിത്രകലാ ക്യാമ്പിൽ രചിച്ച 40 പെയിന്റിംഗുകളുടെ ചതുർദിന പ്രദർശനം കോട്ടയം പബ്ലിക് ലൈബ്രറി ആർട്ട് ഗാലറിയിൽ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യുന്നു. സി.എം.എസ്. കോളേജ് പ്രിൻസിപ്പൽ ഡോ. റോയി സാം ഡാനിയേൽ, രജിസ്ട്രാറും 'ജൈവം' ജനറൽ കൺവീനറുമായ എം.ആർ.ഉണ്ണി, പ്രോഗ്രാം കോർഡിനേറ്റർ ജി. ശ്രീകുമാർ, ആർട്ടിസ്റ്റ് പി.ആർ. ഉദയകുമാർ, തേക്കിൻകാട് ജോസഫ്, തുടങ്ങിയവർ സമീപം**

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**